# സത്യാന്വേഷണത്തിൻെറ നിണപ്പാടുകളിലൂടെ

ഹനീഫ് പുല്ലിപ്പറമ്പ്

ബ്രിട്ടണിലെ അൽമുൻതദാ ഓഫീസ് വഴി ഈ ലേഖകനൊരു കത്ത് കിട്ടി. പാപുവ ന്യൂഗിനിയയിൽ നിന്നും അബ്ദുൽ കരീം ഇഗാർ അയച്ചതായിരുന്നു അത്. ഇന്തോനേഷ്യക്ക് കിഴക്കും ആസ്ത്രേലിയ വൻകരക്ക് വടക്കുമായി സ്ഥിതിചെയ്യുന്ന ഒരു കൊച്ചു രാജ്യമാണിത്. ഇസ്ലാമിനും മുസ്ലിംകൾക്കുമെതിരെ പാപുവ ന്യൂ ഗിനിയയിലുണ്ടായ ഏറ്റവും പുതിയ സംഭവവികാസങ്ങൾ ആമുഖമായി ആ കത്തിൽ അദ്ദേഹം കുറിച്ചിട്ടുണ്ട്.

അദ്ദേഹം പറയുന്നു: ഒന്ന്: ബാലിയിലെ ആകസ്മിക സംഭവത്തിനുശേഷം ഞങ്ങളുടെ ഇമാമിൻെറ ഭവനം ആയുധധാരികളായ ഒരു സംഘം ക്രൈസ്തവ കുറ്റവാളികൾ തകർത്തു. അദ്ദേഹത്തിൻെറ ഫാക്സും ഫോണും റേഡിയോ യും അവർ അപഹരിച്ചു. അൽഹംദുലി ല്ലാഹ്! അവരദ്ദേഹത്തെ ഒന്നും ചെയ് തില്ല.

രണ്ട്: ഞങ്ങളുടെ ഉപപ്രധാനമന്ത്രി അലൻമറാട്ട് (Alan Marat) ഇസ്ലാമിനെ PNG യിൽ നിരോധിക്കാനാണുദ്ദേശിക്കുന്നത്. അതിനായി അയാൾ പ്രവർത്തിക്കുകയും ചെയ്യുന്നു. (Postcourier പത്രത്തിൻെറ ഒക്ടോബർ-30ലെ കട്ടിംഗും ഇതോടൊപ്പമുണ്ട്).

മൂന്ന്: റമദാനിൻെറ ആദ്യരാത്രിയിൽ ചില അപരാധികൾ ഞങ്ങളുടെ പള്ളിക്ക് തീവെച്ചു. പക്ഷേ, പോലീസിൻെറയും അഗ്നിശമന സേനാംഗങ്ങളുടെയും ധ്രുതനട പടിമൂലം അത് സംരക്ഷിക്കാനായി (നവംബർ എട്ടിലെ National news paper ൻെറ കട്ടിംഗും ഇതോടൊപ്പമുണ്ട്).

നാല്: ആസ്ത്രേലിയയിൽനിന്ന് നാൽപത് ദിവസത്തെ ജമാഅത്തിനായി വന്ന ഒരു സംഘം തബ്ലീഗ് പ്രവർത്തകർ ഹൈലാൻറ്സിലുള്ള ഒരു പട്ടണത്തിൽ ക്രൈസ്തവരാൽ ആക്രമിക്കപ്പെട്ടു. പോലീസ് പെട്ടെന്ന് നടപടിയെടുത്തതിനാൽ അവരെ സംരക്ഷിക്കാനായി. ആർക്കും പരിക്കില്ല. വാർത്താ മാധ്യമങ്ങളിൽ ചൂടുള്ള വാദപ്രതിവാദങ്ങൾ നടക്കുന്നു. അധികവും ഇസ്ലാമിന്നെതിരിലുള്ളതാണവ. ദയവായി ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കുക.

പക്ഷേ, ഇതിനെക്കാളേറെ ഹൃദയഭേദകം അബ്ദുൽ കരീം ഇഗാർ എന്ന ഈ ചെറുപ്പക്കാരൻെറ സത്യാന്വേഷണ യാത്രയാണ്. അദ്ദേഹം തന്നെ പറയട്ടെ:

“അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാതുഹു. അല്ലാഹുവിൻെറ നാമത്തിൽ അഭിവാദ്യങ്ങൾ. ലോകസ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും. പ്രിയ മുസ്ലിം സഹോദരാ.... അല്ലാഹു നമ്മെ മുസ്ലിംകളാവാൻ അനുവദിക്കുകയും നമ്മെ തെരഞ്ഞെടുക്കുകയും അവൻെറ ഏകത്വത്തിൽ വിശ്വാസമുള്ളവരാക്കുകയും ചെയ്തിട്ടുണ്ട്. നാമാവട്ടെ അതിനെപ്പോഴും അവന്ന് സ്തുതി ചൊരിയേണ്ടവരുമാണ്. ജന്മനാ മുസ്ലിമായവനെ അപേക്ഷിച്ച് ഒരു നവ മുസ്ലിമിനെ അല്ലാഹു ഒരു വിധത്തിലും വേർതിരിച്ചിട്ടില്ല. ഇതൊരു പൊങ്ങച്ചത്തിനുവേണ്ടിയല്ല . മറിച്ച് ഞാൻ എഴുതിയ എൻെറ കഥയിലൂടെ ഞാൻ വന്ന വഴികളെക്കുറിച്ച് അറിയാൻ വേണ്ടിയാണ്. ക്രിസ്ത്യാനിയായി ജനിക്കുകയും വളരുകയും ചെയ്ത ഒരാൾ, ആണായാലും പെണ്ണായാലും ഇസ്ലാം ആശ്ലേഷിക്കാൻ തീരുമാനിച്ചാൽ ലോകത്തിൻെറ ഈ കോണിൽ (പാപുവയിൽ) എന്താണ് സംഭവിക്കുക എന്നറിയുന്നതിൽ നിങ്ങൾക്ക് കൗതുകമുണ്ടാവും എന്ന് ഞാൻ വിശ്വസിക്കുന്നു.

1977 ഡിസംബർ 12നാണ് ഞാൻ (Egar Efore) ജനിക്കുന്നത്. ക്രിസ്തീയ സാഹചര്യത്തിലായിരുന്നു ഞാൻ വളർന്നത്. ലൂഥറൻ ചർച്ചിൻെറ കീഴിലുള്ള ഞങ്ങളുടെ ഇടവകയിലെ അസിസ്റ്റൻറ് പാസ്റ്ററും സ്ഥലത്തെ പ്രസിഡൻറുമായിരുന്നു എൻെറ പിതാവ്. വളരെ കണിശമായ ശിക്ഷണത്തിലായിരുന്നു ഞാൻ. എൻെറ സഹോദരീ സഹോദരങ്ങൾക്കിടയിൽ വളരെ അച്ചടക്കത്തോടെ യാണ് ഞാൻ കഴിഞ്ഞുപോന്നത്. അദ്ദേഹത്തിൻെറ (പിതാവിൻെറ) സംതൃപ്ത ജീവിതത്തിനോ ബഹുമാന്യസ്ഥാനത്തിനോ ദുഷ്കീർത്തി വരത്തക്കവിധം യാതൊന്നും ഞാൻ ചെയ്തിരുന്നില്ല. ചർച്ചിലെ കാരണവരെന്ന നിലക്കും ഗ്രാമമുഖ്യനെന്ന നിലക്കും മറ്റ് പള്ളികളുമായോ മതസ്ഥരുമായോ ഇടപഴകുന്നതിൽനിന്നും അദ്ദേഹം മൊത്തത്തിൽ ഞങ്ങളെ വിലക്കിയിരുന്നു. മറ്റ് പള്ളികളും മതങ്ങളുമായുള്ള സമീപനം ഇന്നും അങ്ങനെതന്നെ തുടരുന്നു. എൻെറ മരണം വരെ ലൂഥറൻ ചർച്ചിൽനിന്നും മാറില്ലെന്നായിരുന്നു ഞാൻ കരുതിയിരുന്നത്.

ഞാൻ സെക്കൻററി സ്കൂളിൽ പഠിക്കുന്ന കാലത്ത് 1990ൽ Evangelical Brotherhood Church ൽ ഞാൻ ചേർന്നു. പാപുവ ന്യൂഗിനിയയിൽ സ്വിസ് മിഷൻ എന്ന പേരിലാണ് അതറിയപ്പെടുന്നത്. 1992ൽ എൻെറ സ്വദേശമായ കിഴക്കൻ ഹൈലാൻറ്സിൽനിന്നും ദേശീയ തലസ്ഥാനമായ port Moresbyയിൽ ഞാൻ വന്നു. അവിടെയുള്ള ബാപ്റ്റിസ്റ്റ് ചർച്ചിൽ പോയി ആരാധനകളും മറ്റുമായി ഒരു വർഷത്തോളം കഴിഞ്ഞുകൂടി. അതുകൊണ്ടൊന്നും തൃപ്തനാവാതെ എൻെറ ഹൃദയശൂന്യത നികത്താനുതകുന്ന വല്ലതും കണ്ടെത്താനുള്ള ശ്രമവുമായി ഞാൻ കൂടുതലും മതവിദ്യാഭ്യാസം നടത്തിയ ലൂഥറൻ റിന്യൂവൽ ചർച്ചിൽ തന്നെ വന്നു. World Mission ൻെറ കീഴിലുള്ള Youth with a Missionൽ ഞാൻ പഠനം നടത്തി. ക്രിസ്ത്യാനികളില്ലാത്ത രാജ്യങ്ങളിലേക്ക് ക്രിസ്ത്യൻ മിഷണറി മാരായി പോകാൻ പരിശീലനം നൽകുന്ന ഒരന്താരാഷ്ട്ര ക്രിസ്തീയ സംഘടനയാണി ത്. പോർട്ട് മോറസ്ബിയിലെ സുവിശേഷ പരിശീലനം നടത്തുന്ന സ്കൂളിൽനിന്നും നാലുവർഷത്തെ മുഴുസമയ പഠനത്തിനു

ശേഷം നഗര സുവിശേഷത്തിലും ശിശു സുവിശേഷത്തിലും ഞാൻ ഡിപ്ലോമയെടുത്തു. പഠനശേഷം കുട്ടികൾക്കിടയിലും നഗരങ്ങളിലുമൊക്കെ മുഴുസമയ സുവിശേഷകനായി എന്നെ നിയുക്തനാക്കി. 1995ൽ പാപുവ ന്യൂ ഗിനിയയിലെ യൂണിവേഴ്സിറ്റിയിൽ ലൂഥറൻ വിദ്യാർഥികൾക്കിടയിൽ ഉപദൈവികനായി നിയമിതനായി.

എന്റെ ജീവിതത്തിൽ എന്തോ ചിലത് നഷ്ടപ്പെട്ട തോന്നലുളവായി. അങ്ങനെ ഞാനും മറ്റ് നാലുപേരുംകൂടി, 1996ൽ ഞാൻ മുമ്പ് അഞ്ചുവർഷത്തോളം വൈദിക പഠനം നടത്തിയേടത്ത് ഒരു പെന്തക്കോസ്തൻ പള്ളി തുടങ്ങി. അതോടൊപ്പം ഞാൻ എന്റെ പഠനവും തുടർന്നു. ക്രിസ്ത്യൻ ലീഡേഴ്സ് ട്രെയ്നിംഗ് കോളേജിൽ ചേർന്ന് ക്രിസ്ത്യൻ തത്ത്വശാസ്ത്രത്തിൽ 2000ൽ ഡിപ്ലോമയെടുത്തു. ഞങ്ങളുടെ ചർച്ചിലെ വൈദിക ജോലിക്ക് പുറമെ കാമ്പസുകളിലും ക്രുസേഡുകളിലും പ്രബോധന പ്രവർത്തനം നടത്തി. ധാരാളം പേരെ ജ്ഞാനസ്നാനം ചെയ്യിച്ചു. വിവാഹ, ശവസംസ്കാര സേവനങ്ങളുമായും ബന്ധപ്പെട്ടു. പ്രബോധക സമ്മേളനങ്ങൾ, കൂട്ടായ്മകളിൽ പരിശുദ്ധാത്മാവ് വന്നുനിറയൽ, അപരിചിത ഭാഷയിലുള്ള സംസാരം, അത്ഭുതകൃത്യങ്ങൾ, സ്തോത്രശയനം, ആരാധനാ സേവനങ്ങൾ തുടങ്ങി ഒരു ക്രിസ്ത്യൻ ചർച്ച് വാഗ്ദാനം ചെയ്യുന്ന എല്ലാ ഉദ്യമങ്ങളിലും മുഴുകി. Benny Hinn, അമേരിക്കയിലെ Creflo Dollar, കാനഡയിലെ Peter Yongren, മലേഷ്യയിലെ Jonathan David തുടങ്ങി പല പ്രശസ്ത അന്താരാഷ്ട്ര സുവിശേഷകരോടൊപ്പം ഒരു കൗൺസലറായി ഞാനും പങ്കെടുത്തു. ഇപ്പോൾ പിന്തിരിഞ്ഞ് നോക്കുകയും അതൊക്കെ തുലനം ചെയ്യുകയും ചെയ്യുമ്പോൾ എല്ലാവർക്കും ഉറപ്പിച്ചു പറയാൻ കഴിയും അത് ഏറ്റവും ഉയർന്ന വൈകാരികതയും പൊങ്ങച്ചവുമായിരുന്നു എന്ന്. പ്രവർത്തനങ്ങളും സേവനങ്ങളുമെല്ലാംതന്നെ അലങ്കാര സുന്ദരവും മധുര വാഗ്ദാനങ്ങളും വൈകാരികോദ്ദീപനങ്ങളായ സംഗീതവും കൊണ്ടുള്ളതായിരുന്നു. ലൗകികമായ സത്തകളിലേക്കതവരെ നയിച്ചു. അതാവട്ടെ, പ്രതീക്ഷയുടെ വ്യർഥവികാരങ്ങളിലും പ്രതീക്ഷയിലും കൊണ്ടെത്തിച്ചു. ഹൃദയം പക്ഷേ, ശൂന്യമായിത്തന്നെ അവശേഷിച്ചു. ഉദാഹരണമായി ഒരു ക്രിസ്തീയ പള്ളിയിൽ, വിശേഷിച്ചും പെന്തക്കോസ്ത് വിഭാഗത്തിൽ സംഗീതോപകരണങ്ങളെല്ലാം എടുത്തുമാറ്റിയാൽ അവരുടെ ആരാധനാ ചോദനയാണ് എടുത്തുമാറ്റപ്പെടുക. ഹൃദയമാവട്ടെ അതിന്റെ യഥാർഥ പ്രകൃതിയിലേക്കും മടങ്ങും. എന്തുകൊണ്ടെന്നാൽ അവർക്കൊപ്പം സംഗീതമില്ലെങ്കിൽ അവർക്ക് ആരാധനയില്ല. സംഗീതം അവരുടെ വികാരങ്ങളെ തട്ടിയുണർത്തും. പക്ഷേ, അതൊരിക്കലും അവരുടെ ഹൃദയങ്ങളുടെ ശൂന്യതയെ സമ്പന്നമാക്കിയിരുന്നില്ല.

എല്ലാവരുടെ ഹൃദയത്തിലും ആത്മീയമായ ഒരു ശൂന്യതയുണ്ട്. എത്രമാത്രം ശക്തനോ പ്രസിദ്ധനോ ആയിരുന്നാലും എത്ര ഭംഗിയായും അത്ഭുതകരമായും അലങ്കരിക്കപ്പെടുകയും ആഘോഷിക്കുകയും ചെയ്താലും എത്രമാത്രം മൂല്യവത്തായാലും മതപരമായാലും ഒരാൾക്കും ആ ശൂന്യത നികത്തുവാൻ സാധിക്കുകയില്ല. അവന്റെ സ്വന്തം പ്രകൃതിയിൽ അല്ലാഹു ഈ ശൂന്യത നികത്തുന്നതുവരെ ഒരാളും സംതൃപ്തനാവുകയുമില്ല. ജനങ്ങൾക്ക് ചർച്ചുകളിൽനിന്ന് ചർച്ചുകളിലേക്കും മതത്തിൽനിന്നും മതത്തിലേക്കും ഉദ്യമത്തിൽനിന്നും ഉദ്യമത്തിലേക്കും പോവാൻ കഴിയും. ലോകം സമർപ്പിക്കുന്ന എല്ലാ സൗഭാഗ്യങ്ങളിലേക്കും അവർക്കെത്തിച്ചേരാൻ കഴിയും. എന്നാലും അവരിലെ അഗാധതകളിലെവിടെയോ എന്തോ കൂടുതൽ തേടിക്കൊണ്ടിരിക്കും. ദൈവികമായ ശൂന്യത നികത്താനായി അവർ അല്ലാഹുവെ ആശ്രയിക്കാത്തതിന്റെ പരിണത ഫലമാണതെന്ന് ഞാൻ കാരണം പറയും.

ഞാൻ ശരിയായ പരിശീലനം ലഭിച്ച ഒരു വൈദികനായി. ഓരോ രണ്ടാഴ്ച കൂടുമ്പോഴും തികഞ്ഞ ക്രിസ്തീയതയെന്തെന്ന് ഞാൻ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. എന്നിട്ടും എന്റെ അന്തഃരംഗം പ്രയാസത്തിൽ തന്നെയായിരുന്നു. അവിടം ഭീതിദമായിരുന്നു. എനിക്കറിയാമായിരുന്നു ഞാൻ സത്യം തേടുകയാണെന്ന്. എനിക്കുള്ളിലെ ശൂന്യത എന്നെ വേട്ടയാടുകയാണോ എന്നും ഞാൻ സംശയിച്ചു.

അഞ്ചുവർഷത്തെ പുരോഹിത വൃത്തിക്കുശേഷം 2000 ഡിസംബറിൽ ചർച്ച് ബോർഡിൽ ഞാൻ രാജി സമർപ്പിച്ചു. അഗാധമായ വ്യക്തിപ്രശ്നങ്ങൾ എനിക്കുണ്ടെന്നാണ് ഞാനതിൽ കാണിച്ചത്; ഒരാൾക്കൊപ്പവും ചേർന്ന് അതെനിക്ക് പരിഹരിക്കാൻ കഴിയുകയില്ലെന്നും. അതെന്റെ വരുമാനങ്ങളും ചർച്ചിലെ താമസ സൗകര്യങ്ങളും മറ്റാനുകൂല്യങ്ങളും ഇല്ലാതാക്കി. എങ്കിലും എനിക്കതിൽ അശേഷം നിരാശയുണ്ടായില്ല. ഞാൻ രാജി നൽകിയശേഷം ഇമ്മാനുവൽ ചർച്ച് ഓഫ് ഗോഡിനോട് യാത്ര പറഞ്ഞു. അസംബ്ലി ഓഫ് ഗോഡ് (AOG) നുവേണ്ടി ഞാൻ അവരോധിക്കപ്പെട്ട കുറച്ചുകാലം എന്റെ ആരാധനകൾ നിർവഹിച്ച ചർച്ചായിരു ന്നു അത്.

2002 ജനുവരി വന്നു. അപ്പോഴും ഞാൻ അസംതൃപ്തനായിത്തന്നെ തുടർ ന്നു. ഒരു നവവൽസരപരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി ഞാൻ ഒരു ചർച്ചിലും പോകുന്നതല്ലെന്ന് തീരുമാനിച്ചു. യഥാർഥ സമാധാനവും ആത്മസംതൃപ്തിയും സാധ്യമാവുന്ന സ്ഥലമേതോ അത് ഒരു പ്രദേശമോ ചർച്ചോ ആവട്ടെ, അത് കണ്ടെത്തുന്നതുവരെ ഞാനതിൽനിന്നൊക്കെ വിട്ടുനിന്നു. തന്മൂലം നാലുമാസത്തോളം ഞാനൊരു ചർച്ചിലും പോയില്ല.

2002 മെയ് 12ന് ഞാൻ, മൂന്ന് കുപ്പി വെള്ളവുമെടുത്ത് നഗരത്തിൽനിന്ന് മാറി, ഒരു മലഞ്ചെരിവിലുള്ള കുറ്റിക്കാട്ടിലേക്ക് പോയി. ഗൗരവമാർന്ന വ്രതമനുഷ്ഠിച്ചുകൊണ്ട് ആറുദിവസത്തോളം യാതൊരു ഭക്ഷണവുമില്ലാതെ ഞാനവിടെ കഴിഞ്ഞു. പ്രാർഥിച്ചുകൊണ്ടും ദൈവത്തെ കാംക്ഷിച്ചുകൊണ്ടും. ഞാൻ ദൈവത്തോടിങ്ങനെ പ്രാർഥിച്ചു: "ദൈവമേ...... ഞാനെന്തിന് ഇവിടെ വന്നിരിക്കുന്നുവെന്ന് നിനക്കറിയാം. എന്റെ ആഴത്തിൽ പടർന്ന ആ ശൂന്യതയെന്താണെന്ന് നിനക്കറിയാം. ചർച്ചിൽനിന്നും ചർച്ചിലേക്ക് ഞാൻ സത്യവും യാഥാർഥ്യവും തേടി നടന്നിട്ടുണ്ടല്ലോ.... ഒരു ബൈബിൾ കോളേജിൽ നിന്നും അടുത്തതിലേക്കും...... ഈ എല്ലാ അറിവുകളും പരിചയവുമുണ്ടായിട്ടും പക്ഷേ, ഞാൻ അസംതൃപ്തനായിത്തന്നെ തുടരുകയാണല്ലോ. ദൈവമേ.... എന്നെ സത്യത്തിലേക്ക് നയിച്ചാലും". അപ്പോൾ അപ്രതീക്ഷിതമായ ആ കാര്യം സംഭവിച്ചു. ഇസ്‌ലാമിക പള്ളിയുടെ ചിത്രം എന്റെ മനസ്സിൽ തെളിഞ്ഞുവന്നു. ഞാനെന്റെ ചിന്തകളെ കുടഞ്ഞുമാറ്റി. ക്രിസ്തീയ വൃത്തങ്ങളിലേക്ക് എന്റെ ചിന്തകളെ കൊണ്ടുവരാൻ ശ്രമിച്ചു. ഞാനെത്ര പ്രതിരോധിച്ചിട്ടും അത് കൂടുതൽ ശക്തമായിത്തന്നെ തെളിഞ്ഞുവന്നുകൊണ്ടിരുന്നു. എന്റെ അന്തരംഗം മന്ത്രിച്ചു: "ദൈവമേ.... മുസ്‌ലിംകളെയൊക്കെയും ഭീകരവാദികളാണല്ലോ... മുഹമ്മദ് ആവട്ടെ അവരുടെ നായകനും. അതിനാൽ ഞാനങ്ങോട്ട് പോവുന്നില്ല. പിന്നെന്തിനാണ് ഈ മസ്ജിദ് തന്നെ എന്റെ ഉൾത്തലങ്ങളിൽ അലയടിച്ചുകൊണ്ടിരിക്കുന്നത്?" ചിന്തകളുടെ ദിവസങ്ങളായുള്ള പ്രതിരോധത്തിനുശേഷം

ഞാനവസാനമായി അതിജയിക്കുകയായിരുന്നു. ഞാനെൻെറ മനസ്സിനെ അപ്രകാരമാക്കിത്തീർത്തു. എന്നാൽ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്ന മോശമായ വീക്ഷണത്തിൽ ഞാൻ ജാഗ്രതയുള്ളവനായിരുന്നു.

2002 ജൂൺ 5, വെള്ളിയാഴ്ച. ഞാനൊരിക്കലും മറക്കാത്ത ദിവസമാണത്. അന്നാണ് ഞാൻ ഇസ്‌ലാം ആശ്ലേഷിച്ചത്. ഇസ്‌ലാമിനെക്കുറിച്ച എൻെറ വീക്ഷണങ്ങളെയും സംശയങ്ങളെയും സംബന്ധിച്ച് എന്നാലാവുംവിധം പല ചോദ്യങ്ങളും ഞാൻ ചോദിച്ചു. അതിനുശേഷം മാത്രമാണ് ഇസ്‌ലാമെന്താണെന്നതിനെക്കുറിച്ച് ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത്. അൽഹംദുലില്ലാഹ്! എൻെറ ഹൃദയത്തിലെ ശൂന്യത ആദ്യമായെൻെറ ജീവിതത്തിൽ ഇല്ലാതാവുന്നതായെനിക്ക് അനുഭവപ്പെട്ടുതുടങ്ങി. അല്ലാഹുവിൻെറയും മലക്കുകളുടെയും ഇമാം മീക്കായിൽ അബ്ദുൽ അസീസിൻെറയും മറ്റ് മുസ്‌ലിം സഹോദരന്മാരുടെയും സാന്നിധ്യത്തിൽ ഒരാന്തരിക സമാധാനവും സംതൃപ്തിയും അവിടെ നിറഞ്ഞുവരുന്നതായും എനിക്കനുഭവപ്പെട്ടു. ഞാൻ പ്രഖ്യാപിച്ചു: "ലാ ഇലാഹ ഇല്ലല്ലാഹ്. മുഹമ്മദുർറസൂലുല്ലാഹ്!"

ഞാൻ വീട്ടിൽ ചെന്നപ്പോൾ എന്നിൽ വന്ന മാറ്റങ്ങളെക്കുറിച്ച് എൻെറ ഭാര്യ മനസ്സിലാക്കിയെങ്കിലും ചോദിച്ചെന്നെ ശല്യപ്പെടുത്തിയില്ല. ബ്രദർ ഈമാൻ നൽകിയ ചെറുപുസ്തകങ്ങളും ലഘുലേഖകളും അവസാനം അവൾ കണ്ടപ്പോൾ എന്നോടതേക്കുറിച്ച് അന്വേഷിച്ചു. എനിക്ക് മറുത്തൊന്നും പറയാൻ കഴിഞ്ഞില്ല. ഞാനൊരു മുസ്‌ലിമായിക്കഴിഞ്ഞതായി ഞാനവളോട് പറഞ്ഞു. അത് കേട്ടയുടനെ അവൾ വാതിൽ വലിച്ചടച്ച് പുറത്തുപോയി; നാല് വയസ്സായ മകളെയുമെടുത്ത്. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞുകാണും, അവൾ തിരിച്ചുവന്നു. എന്തുകൊണ്ടാണ് ഞാനൊരു മുസ്‌ലിമായതെന്ന് അവളെന്നോട് ചോദിച്ചു. അവളുടെ രക്ഷിതാക്കളും കുടുംബങ്ങളും ഞങ്ങളുടെ വീടിനടുത്തായതിനാൽ അവളുടെ സംസാരം കേട്ട് എന്താണ് സംഭവിച്ചതെന്നറിയാൻ അവരും വന്നു.

1800കളിലാണ് ആദ്യത്തെ ക്രിസ്ത്യൻ മിഷണറിമാർ അവരുടെ പ്രദേശത്ത് വന്നത്. അവർ വളരെ കാർക്കശ്യക്കാരായിരുന്നു. അവരുടെ കൂട്ടത്തിൽ ആരുതന്നെ മിശ്രവിവാഹം നടത്തുന്നതിലും അവർ വളരെ കണിശമായ എതിർപ്പ് കാണിച്ചിരുന്നു. അവരിലാരെങ്കിലും മതം മാറുകയോ ക്രിസ്ത്യാനിറ്റിയിൽതന്നെ അങ്ങോട്ടോ ഇങ്ങോട്ടോ മാറുകയോ ചെയ്തുവെന്നതിൽ അവർ അവനുമായുള്ള കുടുംബബന്ധങ്ങൾ വിഛേദിക്കും. അവനെ അടിക്കുകയും അവൻെറ സ്വത്തുക്കൾ നശിപ്പിക്കുകയും ചെയ്യും. എന്നല്ല, അവൻെറ ഗ്രാമത്തിലേക്ക് തിരിച്ചുപോവാനും അവരവനെ അനുവദിക്കില്ല. അവൻെറ പുതിയ മതം ഉപേക്ഷിച്ച് തിരിച്ച് വരുന്നതിനുവേണ്ടി എന്തുതന്നെ വേണമെങ്കിലും അവർ ചെയ്യുമായിരുന്നു.

ഞാൻ ഇസ്‌ലാം സ്വീകരിച്ചതായി അവർക്കുറപ്പായപ്പോൾ അവരെന്നെ വാചികമായി ആക്ഷേപിക്കാൻ തുടങ്ങി. ഞങ്ങൾ തമ്മിൽ വഴക്ക് കൂടുകയാണെന്ന് കരുതിയിരുന്ന അയൽക്കാരും ഞാൻ ഇസ്‌ലാം വിശ്വസിച്ചിരിക്കുകയാണെന്ന വിവരമറിഞ്ഞപ്പോൾ "ഉസാമ! ഉസാമ ബിൻലാദൻ!! തീവ്രവാദി' എന്നൊക്കെപ്പറഞ്ഞ് അധിക്ഷേപിച്ചു തുടങ്ങി. അതിനുശേഷം എല്ലാ അയൽക്കാരും വിട്ടുപോയി. ഭീഷണിയും ശകാരവും ഭയന്ന് ഞാൻ ഇസ്‌ലാം ഉപേക്ഷിക്കാൻ തീരുമാനിച്ചുവെന്ന് കരുതി എൻെറ ബന്ധുക്കൾവന്ന് എന്നോട് ക്ഷമായാചനം നടത്തി. അവരുടെ ഭീഷണിയും ശകാരവർഷങ്ങളുമൊക്കെ എൻെറ ഹൃദയത്തെ ഇസ്‌ലാമിനോട് കൂടുതൽ അടുപ്പിക്കുകയാണ് ചെയ്തിരിക്കുന്നതെന്ന് ഞാൻ അവരോട് പറഞ്ഞപ്പോൾ, അഞ്ച് വർഷമായി എൻെറ ഭാര്യയായി എന്നോടൊപ്പം കഴിഞ്ഞവളെയും നാലുവയസ്സായ എൻെറ മകളെയുംകൊണ്ട് അവർ പോയി. വ്യർഥമായ അറബ് ദൈവത്തെ ആരാധിക്കുന്ന പിശാചുബാധിച്ച ഒരുവനെ അവരുടെ മകൾക്ക് വേണ്ട എന്നവർ പറഞ്ഞു. എൻെറ ഭാര്യയെ അവളുടെ സാധനങ്ങൾ മുഴുവൻ പാക്കുചെയ്യാൻ അവർ നിർബന്ധിച്ചു. ഞാനേറ്റവും ഇഷ്ടപ്പെടുന്ന എൻെറ മകളെ വലിച്ചിഴച്ച് കൊണ്ടുപോവുന്നതും ഞാൻ കണ്ടു. ഡാഡീ, ഡാഡീ..... എനിക്ക് ഡാഡിയുടെ അടുത്ത് പോവണമെന്ന് പറഞ്ഞുള്ള മകളുടെ കരച്ചിൽ എൻെറ ഹൃദയത്തെ കഷ്ണങ്ങളായി നുറുക്കുന്നവയായിരുന്നു. എൻെറ ഭാര്യയെ യും ഒരേയൊരു മകളെയുമാണോ അതോ അല്ലാഹുവിനെയും ഇസ്‌ലാമിനെയുമാണോ തെരഞ്ഞെടുക്കേണ്ടതെന്ന സംഘർഷംമൂലം ഞാനേറെക്കുറെ ഇസ്‌ലാമിൽനിന്ന് അകന്നതുപോലെയായി. എൻെറ കണ്ണുകൾ നിറഞ്ഞൊഴുകി. അടുത്ത ദിവസം ഭീഷണി ഭീതിദമായി വളർന്നു. എൻെറ വസ്തുവകകൾ നശിപ്പിക്കുമെന്നും എന്നെ അടിച്ചോടിക്കുമെന്നും അവർ ഭീഷണി മുഴക്കി. പക്ഷേ, ഞാൻ ഇളകിയില്ല. ഞാൻ സ്വയം ചിന്തിച്ചു: ഒരു ചർച്ചിൽ നിന്ന് മറ്റൊന്നിലേക്കും ഒരു കോളേജിൽ നിന്ന് മറ്റൊന്നിലേക്കുമുള്ള ഈ നീണ്ട വർഷങ്ങളത്രയും സത്യാന്വേഷിയായി ഞാൻ നടന്നപ്പോഴൊന്നും എനിക്കുനേരെ ഭീഷണിയോ അസഭ്യവർഷമോ ഉണ്ടായില്ലല്ലോ... പക്ഷേ, ഇപ്പോൾ ഞാൻ ഇസ്‌ലാമാശ്ലേഷിച്ച ഉടനെതന്നെ എനിക്കുനേരെ ഭീഷണികളുയർന്നിരിക്കുന്നു! ഞാൻ കണ്ടെത്തിയ സത്യം ഇതുതന്നെയാണെന്ന് ഇതിൽനിന്നും ഞാൻ മനസ്സിലാക്കി. സത്യത്തിനുവേണ്ടിയാണ് ഞാൻ ഭീഷണിപ്പെടുത്തപ്പെട്ടത്. ഭീഷണിയിലൂടെ സത്യത്തെ നശിപ്പിക്കാൻ ഒരിക്കലും ഞാനനുവദിക്കുകയില്ല. ഭീഷണിക്കുമേൽ സത്യം അതിജയിക്കുന്നതുവരെ ഞാൻ പ്രതിരോധിക്കുകതന്നെ ചെയ്യും.

2002 ജൂലൈ എട്ട്, തിങ്കളാഴ്ച. ഒരു സാധാരണ പ്രവൃത്തി ദിവസമായിരുന്നു അന്ന്. എൻെറ ബന്ധുക്കൾ ഏകദേശം ഇരുപതോളം വരുന്ന കുറ്റവാളികളുമായിച്ചേർന്ന് എന്നെ ഇല്ലാതാക്കാനൊരുങ്ങുമെന്ന് ഞാൻ സ്വപ്നേപി കരുതിയിരുന്നില്ല. എൻെറ ഒരു സുഹൃത്തിനെ സന്ദർശിച്ചശേഷം രാത്രി എട്ടുമണിയോടെയാണ് അന്ന് ഞാൻ വീട്ടിലെത്തിയത്. രാത്രി ഏകദേശം ഒരു മണിയായിക്കാണും; അവർ എൻെറ ബന്ധുക്കളോടൊപ്പം എൻെറ വീട്ടിലേക്ക് ഇരച്ചുകയറി. തുടർന്ന് വടികൊണ്ടും കല്ലുകൊണ്ടും അവരുടെ കയ്യിൽ കിട്ടിയ പലതുകൊണ്ടും എന്നെ അടിക്കാനും ഇടിക്കാനും തുടങ്ങി. എനിക്ക് നേരെയുള്ള അവരുടെ കൂട്ട ആക്രമണത്തെ പ്രതിരോധിക്കാനെനിക്കായില്ല. അൽപ സമയം കൊണ്ടുതന്നെ ഞാൻ ആപാദചൂഡം രക്തത്തിൽ കുളിച്ചു. പിന്നെ അവരെന്നെ വരാന്തയിൽനിന്ന് മുറ്റത്തേക്കെടുത്തെറിഞ്ഞു. അവരിലൊരാൾ ഒരു വലിയ കല്ലുകൊണ്ട് എൻെറ തലക്കിടിച്ചു. ആ സമയം വസ്തുക്കളെല്ലാം കീഴ്മേൽ മറിയുന്നതായി ഞാൻ കണ്ടു; ഒരു ഘനാന്ധകാരം എങ്ങും പടരുന്നതായും. എൻെറ ബോധം നശിച്ചു. ബോധരഹിതനായി എത്ര സമയം കിടന്നുവെന്ന് എനിക്കറിഞ്ഞുകൂടാ... പക്ഷേ, എനിക്ക് ബോധം വന്നപ്പോൾ തണുപ്പിച്ച വെള്ളം അവരെൻെറമേൽ ഒഴിക്കുന്നതായി എനിക്ക് ബോധ്യപ്പെട്ടു.... കൈപിന്നിലേക്ക് പിടിച്ചു കെട്ടി ശരീരം മുഴുവൻ വയറുകൊണ്ട് ബന്ധിച്ചിരുന്നു. തുടർന്ന് അവരെൻെറ വീട് കൊള്ളയടിച്ചു. വീടിനകത്തുള്ളതെല്ലാം അവരെടുത്തുകൊണ്ടുപോയി. ഫ്രിഡ്ജ്, ടി.വി, , അടുക്കള ഉപകരണങ്ങൾ, ബെഡ്റൂം സാമഗ്രികൾ മുതൽ ജനൽപാളികൾ, വിളക്കുകൾ, മേൽക്കൂരയുടെ ഇരുമ്പ് ഫ്രെയിമുകൾ, ബുക്കുകൾ,

**(ശേഷം പേജ് 45 ൽ)**

(പേജ് 24 ൽ നിന്ന്- സത്യാന്വേഷണത്തിൻെറ ...)

സർട്ടിഫിക്കറ്റുകൾ, പ്രമാണങ്ങൾവരെയെല്ലാം. എൻെറ ബൈബിളുകളും ക്രിസ്തീയ ഗ്രന്ഥങ്ങളുമെല്ലാം അവർ കത്തിച്ചു. കൊള്ളവസ്തുക്കൾ വീട്ടിൽ കൊണ്ടുവെച്ച ശേഷം തിരിച്ചുവരാം. എന്നിട്ടിവനെ കുന്നിൻ ചരുവിലുള്ള കുറ്റിക്കാട്ടിൽ കൊണ്ടുപോയി കഥകഴിക്കാം എന്ന അവരുടെ നിഗൂഢ മന്ത്രണം ഞാൻ അവരിൽനിന്നും മനസ്സിലാക്കിയെടുത്തു. എനിക്കാവട്ടെ ചലിക്കുവാൻ കഴിയുമായിരുന്നില്ല. അവർ പോയിക്കഴിഞ്ഞപ്പോൾ വയർ കൊണ്ടുള്ള ബന്ധനത്തിൽനിന്നും പുറത്തുകടക്കാൻ ഞാനാവുന്നത് ശ്രമിച്ചു. പക്ഷേ, എനിക്കതിനായില്ല. ഒരു മുസ്‌ലിമെന്ന നിലയിൽ ആദ്യമായി ഞാൻ അല്ലാഹുവോട് കരളുരുകി പ്രാർഥിച്ചു: "അല്ലാഹുവേ! എന്നിൽ കരുണ ചൊരിയേണമേ.... എൻെറ പാപങ്ങളെല്ലാം എനിക്ക് പൊറുത്ത് തരണേ.... അഞ്ചുമിനുട്ടിനകം ഞാൻ ശവമായിക്കഴിയാൻ സാധ്യതയുണ്ട്. അവർ വന്ന് എൻെറ കഥകഴിക്കും മുമ്പ് വല്ല വിധേനയും എന്നെ ഇതിൽനിന്നും മോചിപ്പിക്കണേ....." ഒപ്പം കെട്ടഴിക്കാൻ ഞാൻ ശ്രമിച്ചു. അത്ഭുതകരമെന്ന് പറയട്ടെ- വയറുകളുടെ കെട്ടുകൾ അപ്പോഴേക്കും അഴിഞ്ഞിരുന്നു. വേദനയോടെ ഞാൻ ഇഴഞ്ഞുപോയി ഒരു മരച്ചുവട്ടിലൊളിച്ചു.

അവർ തിരിച്ചുവന്നു. എന്നെയവിടെ കാണാത്തതിനാൽ അവരെന്നെ തിരഞ്ഞു തുടങ്ങി. ചിലർ ഞാൻ ഒളിച്ചിരിക്കുന്ന സ്ഥലംവരെ വന്നെങ്കിലും അവർക്കെന്നെ കാണാൻ കഴിഞ്ഞില്ല. സമീപത്തൊക്കെ എൻെറ ചോരവീണ് കിടക്കുന്നത് അവർ കാണുകയും ചെയ്തു. അവർ പോയിക്കഴിഞ്ഞപ്പോൾ ഞാനവിടെ നിന്നും പിൻവാങ്ങി. എൻെറ കൂട്ടുകാരനടുത്തേക്കാണ് ഞാൻ പോയത്. അദ്ദേഹത്തോടൊപ്പം ഞാൻ അവിടെ കഴിഞ്ഞു.

2002 ജൂലൈ 11 ബുധനാഴ്ച. വിഷയം ഞാനവിടുത്തെ ലോക്കൽ പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തു. ഞാൻ മുസ്‌ലിമായതിൻെറ പേരിൽ അവരെന്നെ ഉപദ്രവിച്ചു എന്ന കാര്യം കേട്ടപ്പോൾ അവരെന്നോട് കാത്തിരിക്കാൻ പറഞ്ഞു. രാവിലെ ഒൻപത് മുതൽ രാത്രി ഏഴുവരെ ഞാൻ കാത്തിരുന്നു. രാത്രിയായപ്പോൾ, അവർക്കെന്നെ സഹായിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കി ഞാനവിടം വിട്ടു. അൽപദിവസങ്ങൾക്കു ശേഷം ഞാനൊരു സുഹൃത്തിനോടൊപ്പം ഇപ്പോൾ താമസിക്കുന്ന ഇസ്‌ലാമിക് സെൻ്ററിലേക്ക് വന്നു. എൻെറ വസ്തുവകകളെല്ലാം നഷ്ടപ്പെട്ടു. എങ്കിലും എൻെറ ഭാര്യയെയും മകളെയും തിരിച്ചുകിട്ടുന്നതിനുവേണ്ടി ഒരു വക്കീൽ മുഖേന ഞാൻ കോടതിയിൽ അന്യായം സമർപ്പിച്ചു.

ഇപ്പോൾ ഞാൻ ശാരീരികമായി സുഖം പ്രാപിച്ചുകഴിഞ്ഞു. എനിക്ക് നഷ്ടപ്പെട്ടിട്ടുള്ള വസ്തുവകകളും സർട്ടിഫിക്കറ്റുകളും ഉപകരണങ്ങളും ധാരാളം ചോരയും പല്ലുകളും ഭാര്യയും കുഞ്ഞും തുടങ്ങിയ സംഗതികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ എനിക്ക് ബോധ്യമായി; അതിലേറെ മൂല്യവത്തായത് സത്യമാണെന്ന്. ഇസ്‌ലാം സംഭാവന ചെയ്തതുപോലെയുള്ള സത്യം എവിടെയുണ്ടോ അത് കണ്ടെത്തുമ്പോഴും ആശ്ലേഷിക്കുമ്പോഴും എനിക്കുണ്ടായപോലുള്ള ഭീഷണി ആർക്കും ഉണ്ടായിരിക്കും. ഇഹലോക കാര്യങ്ങളിൽ ഞാൻ സംതൃപ്തനായിരുന്നുവെങ്കിലും സത്യത്തിലും പരലോക കാര്യങ്ങളിലും ഒരു ന്യൂനത ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴാവട്ടെ എല്ലാ ലൗകിക കാര്യങ്ങളും ഇല്ലാതെതന്നെ എൻെറ മനസ്സ് സംതൃപ്തവും ക്രമീകൃതവും പ്രശാന്തവുമാണ്. സത്യത്തിൻെറ താൽപര്യത്തിനുവേണ്ടി നഷ്ടപ്പെടുന്നതെല്ലാം തന്നെ മൂല്യവത്താണ്. അല്ലാഹുവിനുവേണ്ടിയും നമ്മുടെ പ്രിയങ്കരനായ പ്രവാചകൻ (റ) പ്രബോധനം ചെയ്ത സന്ദേശത്തിന് വേണ്ടിയുമുള്ള സഹനമാണത്. പീഡനത്തിൻെറയോ അവിവേകത്തിൻെറയോ പ്രചണ്ഡപ്രവാഹത്തിൽ സത്യം ഒരിക്കലും തൂത്തുമാറ്റപ്പെടുകയി ല്ല. പക്ഷേ, അത് ജാജ്വല്യമായിക്കൊണ്ടിരിക്കും. സത്യത്തിനുവേണ്ടിയുള്ള മഹത്തായ നൊമ്പരം എവിടെയുണ്ടോ അവിടെ ഭീഷണിയെ അതിജയിക്കുന്ന മഹത്തായ നേട്ടവുമുണ്ട്.

സഹോദരൻ ഈമാൻ മീകായിൽ അബ്ദുൽ അസീസിൻെറ കീഴിൽ ഇസ്‌ലാമിൻെറ അടിസ്ഥാന പാഠങ്ങൾ ഞാൻ സ്വായത്തമാക്കി. എൻെറ വിശ്വാസം (ഈമാൻ) പരിശുദ്ധ ഖുർആനിലും നബിചര്യയിലും ആഴത്തിൽ വേരുറച്ചതാവണമെന്നതാണെൻെറ ആഗ്രഹം; അതോടൊപ്പം തൻെറ പ്രവൃത്തിയു(അമലു)മായി ബന്ധമില്ലാത്ത ഒരു തരത്തിൽപെട്ട ഈമാനും എനിക്കാവശ്യമില്ലെന്നും. ഇൻശാ അല്ലാഹ് വിദേശത്തുവെച്ച് ഇസ്‌ലാമിക പാഠങ്ങൾ കൂടുതൽ സ്വായത്തമാക്കുവാനും എനിക്കാഗ്രഹമുണ്ട്. പ്രയോഗവൽകരിക്കാത്ത ഒരു നബിചര്യയും അതെത്ര ചെറുതായാലും ശരി എൻെറ ബുദ്ധിയിലുൾക്കൊള്ളാൻ ഞാനാഗ്രഹിക്കുന്നില്ല. ഇസ്‌ലാമിക വിജ്ഞാനമുള്ള ധാരാളം പേർ അത് പ്രബോധനം ചെയ്യുന്ന കാര്യത്തിൽ പ്രയാസപ്പെടുന്നതായി ഞാൻ കാണുന്നു. ഇസ്‌ലാമിക വിജ്ഞാനമുള്ള ധാരാളം പേർ അത് പ്രയോഗത്തിൽ കൊണ്ടുവരുന്നതിൽ പരാജയപ്പെടുന്നു. ഇസ്‌ലാമിക പാഠശാലകളിൽ നിന്നോ മറ്റോ ഉള്ള അറിവില്ലാതെ ധാരാളം പേർ അമൽ ചെയ്യുന്നു. അതിനാൽ ഏറ്റവും നല്ല ഒരു മുസ്‌ലിമിന് വേണ്ടതെന്തൊക്കെയോ അതൊക്കെയും ഉള്ള ഒരാളാവാൻ എന്നെ സഹായിക്കണേയെന്നാണ് അല്ലാഹുവോടുള്ള എൻെറ പ്രാർഥന. പ്രബോധനം ചെയ്യാനും ഇവിടെ- പാപുവ ന്യൂഗിനിയയിൽ- ഇസ്‌ലാമിക സന്ദേശം എത്തിക്കാനും വേണ്ടത് ചെയ്യുക എന്നതാണെൻെറ ഉദ്ദേശ്യം. വിജയത്തിലെത്തിക്കാൻ അല്ലാഹു സഹായിക്കട്ടെ.

അവസാനമായി ഒരു കാര്യം സൂചിപ്പിക്കട്ടെ. നമുക്ക് വിശ്രമത്തിന് സമയമായിട്ടില്ല. എന്തുചെയ്യണമെന്ന് ലോകം നമ്മോട് സംവദിക്കട്ടെ. ലജ്ജ മൂലമോ ലോകം നമ്മെ എങ്ങനെ വീക്ഷിക്കുമെന്ന ഭയംമൂലമോ നാമൊന്നും മറച്ചുവെക്കാതിരിക്കണം. ലോകം അതിൻെറ ഗംഭീരമായ ശക്തിയും വ്യവസ്ഥകളുമുപയോഗിച്ച് നമുക്കുനേരെ വാതിലുകൾ കൊട്ടിയടക്കാതിരിക്കട്ടെ... പക്ഷേ, നീതിക്കും സത്യത്തിനും വേണ്ടി നാം ഉണർന്നെണീക്കുക തന്നെവേണം. അല്ലാഹുവിൻെറ പൊരുത്തത്തിനുവേണ്ടിയുള്ള ഉണർന്നെണീപ്പ്! മഹത്തായ വേദനയിൽ മഹത്തായ നേട്ടമുണ്ടെന്ന് അങ്ങനെ അറിയാനാവും. എല്ലായിപ്പോഴും അല്ലാഹു വിജയം പ്രദാനം ചെയ്യട്ടെ... അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്. ധാരാളം നന്ദി.

അബ്ദുൽ കരീം ഇഗാറിൻെറ മൊഴികൾ ഇങ്ങനെ അവസാനിക്കുമ്പോൾ നമ്മുടെ ചിന്തകൾ പ്രവാചക കാലഘട്ടത്തിലേക്ക്, സ്വഹാബികളിൽ ചിലരുടെ ഇസ്‌ലാമാശ്ലേഷത്തിൻെറ ഉദ്വേഗങ്ങളായ ചരിത്ര സംഭവങ്ങളിലേക്ക് സഞ്ചരിച്ചുപോകുന്നു. ഏതൊരു വിശ്വാസിയുടെയും മനോനയനങ്ങളിൽ അതെപ്പോഴും നനവണിയിച്ചുകൊണ്ടിരിക്കും. ഇക്കാലമത്രയും താൻ അന്വേഷിച്ചുകൊണ്ടിരുന്ന സത്യം സാക്ഷാത്കരിക്കുക ഇസ്‌ലാമിലാണെന്ന് അല്ലാഹു അദ്ദേഹത്തിൻെറ മനസ്സിലങ്കുരിപ്പിച്ചു. ത്യാഗപൂർണവും രക്തപങ്കിലവുമായ വീഥിയിലൂടെ ഏകാകിയായി അവിടേക്കദ്ദേഹം കടന്നുവന്നു. സഫലമാർന്ന ആ യാഥാർഥ്യത്തിൻെറ നിർവൃതിയിൽ നാമുമായി ജീവിതാനുഭവങ്ങൾ പങ്കുവെച്ച അബ്ദുൽ കരീം ഇഗാർ, ആത്മനൊമ്പരങ്ങളെ വിശ്വാസ ബലംകൊണ്ട നേരിട്ട സഹോദരൻ, വായനക്കാരുടെ മാനസ പിന്തുണയും ഐക്യദാർഢ്യവും ഇംഗ്ലീഷിൽ കത്തുകളയച്ചുകൊണ്ട് അദ്ദേഹത്തെ അറിയിക്കുക.

Abdul Kareem Egar,